സ്ഫോടനഭീകരതയിൽ സംഘ്പരിവാറിന്റെ പങ്ക്– 4

●

സദ്റുദ്ദീൻ വാഴക്കാട്

## മാലേഗാവ് സ്ഫോടനം 2008

# ഭീകരതയുടെ അറിയപ്പെടാത്ത കണ്ണികൾ

**ഒരു** സുപ്രഭാതത്തിൽ ഒന്നോ രണ്ടോ പേരുടെ മനസ്സിൽ പെട്ടെന്നുണ്ടായ വൈകാരിക ക്ഷോഭമല്ല പ്രതികളെ സ്ഫോടനം നടത്താൻ പ്രേരിപ്പിച്ചത്. മാസങ്ങൾ നീണ്ട ഗൂഢാലോചന ഈ ഭീകരാക്രമണത്തിന് പിന്നിലുണ്ട്. പല സ്ഥലങ്ങളിൽ നിരവധി തവണ യോഗങ്ങൾ ചേരുകയും ഫണ്ടും ആയുധങ്ങളും ശേഖരിക്കുകയും കൃത്യമായ ആസൂത്രണത്തോടെ സ്ഫോടനം നടത്തുകയുമാണവർ ചെയ്തത്.

### ഗൂഢാലോചനയുടെ വ്യാപ്തി

സ്ഫോടനം ആസൂത്രണം ചെയ്യാൻ അഭിനവ് ഭാരതിന്റെ പ്രവർത്തകർ, ഭോപ്പാൽ, ഇൻഡോർ, ഡിയൊലിൽ, ഭോൻസാലെ മിലിട്ടറി സ്കൂൾ, ജമ്മു–കശ്മീർ, ഫരീദാബാദ്, പൂനെ തുടങ്ങിയ പല സ്ഥലങ്ങളിലും യോഗങ്ങൾ ചേർന്നിരുന്നു (Pudhari, Pune 2008 Nov 16). കുറ്റപത്രത്തിൽ പറയുന്നതനുസരിച്ച്, ലഫ്റ്റനന്റ് കേണൽ പ്രസാദ് പുരോഹിതാണ് സ്ഫോടന ഗൂഢാലോചനയിലെ പ്രധാനി. സ്ഫോടക വസ്തുക്കൾ സംഘടിപ്പിച്ചു കൊടുത്തത് പുരോഹിതാണ്. സൈന്യത്തിന്റെ ആർ.ഡി.എക്സ് തന്നെയാണ് കേണൽ പുരോഹിത് സ്ഫോടനത്തിന് ഉപയോഗിച്ചത്. മുൻ സൈനികരായ റിട്ട. കേണൽ രമേശ് ഉപാധ്യായയുടെ സഹായത്തോടെയാണ് സ്ഫോടക വസ്തുക്കൾ തയാറാക്കിയത് (Man picked up in Indore plotted Malegaon blast. DNA India, 28.10.2008). കേണൽ ശ്രീകാന്ത് പുരോഹിത് അറബി ഭാഷ പഠിക്കാൻ ശ്രമം നടത്തിയിരുന്നു. മേജർ ഉപാധ്യായയുമായി ദീർഘകാല സൗഹൃദമുള്ള പുരോഹിതിന് അജ്മീർ ദർഗ– സംഝോത എക്സ്പ്രസ് സ്ഫോടനങ്ങളിലും പങ്കുണ്ടെന്ന് വിവരം ലഭിച്ചതായി ഒരു ഐ.പി.എസ് ഓഫീസർ പറയുകയുണ്ടായി (Colonel's arrest has upset Army: Dy cheif NDTV.com 16.11.2008,economictimes.indiatimes.com, Army allows Cops to quiz its officer in Malegaon blast. express india.com, The Times of India, 2008). സാധ്വി പ്രജ്ഞാ സിംഗിന് അടുത്ത ബന്ധമുള്ള ആളാണ് ഗുജറാത്തിലെ അശിമാനന്ദ് സ്വാമി.

ഡാംഗ്സിലെ വി.എച്ച്.പി നേതാവും ശബരിധം ആശ്രമത്തിന്റെ അധിപനുമായ സ്വാമി യുമായി പ്രജ്ഞയും പുരോഹിതും പലപ്പോഴും ടെലിഫോൺ സംഭാഷണം നടത്തി യിട്ടുണ്ട്. മാലേഗാവ് സ്ഫോടനം നടന്ന ഉടൻ സ്വാമി, പ്രജ്ഞാ സിംഗിനോട് ഫോണിൽ സംസാരിച്ചിരുന്നു. ഇത്തരം സംഭാഷണങ്ങൾക്ക് തന്റെ ഡ്രൈവർ സുനിൽ ധാഡെയുടെ സിം കാർഡാണ് സ്വാമി ഉപയോഗിച്ചിരുന്നത്. പോലീസിന് പിടികൊ ടുക്കാതെ സ്വാമി അശിമാനന്ദ രക്ഷപ്പെടുകയായിരുന്നു. പക്ഷേ, ഡ്രൈവർ ധാഡെയും ശബരിധം ആശ്രമത്തിലെ മറ്റു ചിലരും പോലീസ് പിടിയിലായി (Sakal, Pune 2009 Nov 9). മാലേഗാവ് സ്ഫോടന ഗൂഢാലോചനയിൽ സ്വാമി അശിമാനന്ദക്ക് പങ്കുണ്ടാവു ന്നതിൽ അത്ഭുതമില്ല. ഗുജറാത്തിൽ ന്യൂനപക്ഷ വിരുദ്ധ കലാപങ്ങൾ സൃഷ്ടിക്കു ന്നതിനും സംഘ്പരിവാർ പ്രവർത്തകർക്ക് ആയുധ പരിശീലനം നൽകുന്നതിനും നേതൃത്വം നൽകുന്നയാളാണ് സ്വാമി അശിമാനന്ദ. വിദേശ രാജ്യങ്ങളിൽനിന്ന് ല ക്ഷക്കണക്കിന് രൂപയുടെ ഫണ്ടുകൾ കൈപ്പറ്റിയാണ് സ്വാമി തന്റെ പദ്ധതികൾ നട പ്പിലാക്കുന്നത്. മാലേഗാവ് സ്ഫോടനത്തിൽ സ്വാമിക്കുള്ള പങ്ക്, സ്ഫോടനത്തിന് വിദേശ ഫണ്ടിംഗ് ലഭിച്ചിട്ടുണ്ട് എന്നതിന്റെ വ്യക്തമായ സൂചന കൂടിയാണ് (ഇതു സംബന്ധിച്ച് വിശദമായ പരമ്പര ഞാൻ *പ്രബോധന*ത്തിൽ എഴുതിയിരുന്നു: സംഘ്പ രിവാറും വിദേശ ഫണ്ടിംഗും– 2008 നവംബർ 15, 22).

സ്ഫോടനങ്ങളുൾപ്പെടെയുള്ള ഭീകരപ്രവർത്തനങ്ങളിലൂടെ സ്ഥാപിക്കാനാഗ്ര ഹിച്ചിരുന്ന 'ഹിന്ദു രാഷ്ട്ര'ത്തിന്റെ 'ഭരണഘടന'യുടെ ചില ഭാഗങ്ങൾ ഗൂഢാലോ ചനാ യോഗത്തിൽ പുരോഹിത് അവതരിപ്പിക്കുകയുണ്ടായി. സാമ്പത്തികം, വിദ്യാ ഭ്യാസം, പ്രതിരോധം, ഏക രാഷ്ട്രം, പൗരന്മാർക്കുള്ള പരിശീലനം തുടങ്ങി സ്പെഷ്യൽ എക്ണോമിക് സോൺ വരെയുള്ള വിഷയങ്ങളൊക്കെ അതിൽ പ്രതി പാദിച്ചിരുന്നു. പുരോഹിത് അവതരിപ്പിച്ച 'ഭരണഘടന'യുടെ ചില ഖണ്ഡികകൾ, വൈദിക സാഹിത്യത്തിന്റെ അടിസ്ഥാനത്തിൽ ഭാരതീയ സംസ്കാരത്തെയും ദേശീ യതയെയും ശാക്തീകരിക്കുകയെന്ന ലക്ഷ്യമാണ് മുന്നോട്ടു വെച്ചിരുന്നത്.

ദൽഹിയിലെ ഡോ. ആർ.പി സിംഗും ഭരണഘടന ചർച്ച ചെയ്തിരുന്ന രഹസ്യ യോഗങ്ങളിൽ പങ്കെടുത്തിരുന്നു. ദയാനന്ദ് പാണ്ഡെയുടെ ലാപ്ടോപ്പിൽ ഇതിന്റെ വിശദാംശങ്ങൾ റെക്കോർഡ് ചെയ്തിരുന്നു. 'ഭരണഘടന'യിലെ ചില ഉദ്ധരണികൾ:

"പ്രതിരോധം: 14 ലക്ഷത്തിൽനിന്ന് തുടങ്ങി ഒരു കോടി വരെ എത്തുന്നതായി രിക്കണം സൈനികശക്തിയെന്ന് പുരോഹിത് നിർദേശിച്ചു. പ്രതിരോധ മന്ത്രിയെന്നല്ല 'യുദ്ധമന്ത്രി' എന്നായിരിക്കും പേര്. പാകിസ്താൻ രാഷ്ട്രം അവരുടെ പദ്ധതിയിലി ല്ല. കാരണം പാകിസ്താൻ 'അഖണ്ഡ ഭാരത'ത്തിൽ ഉൾപ്പെടുന്നു.

സാമ്പത്തികം: യോഗ്യരായ ഒരു ഉപദേശക സമിതിയുടെ നിർദേശമനുസരിച്ച് കൃഷി നിയന്ത്രിതവും ആസൂത്രിതവുമായിരിക്കണം. സംഘടിത കൃഷി, കാർഷിക മേഖലയിലെ നഷ്ടങ്ങൾ കുറക്കാൻ സഹായിക്കും. തരിശ് ഭൂമിയിൽ മാത്രമേ 'സെസ്' അനുവദിക്കുകയുള്ളൂ. ഇൻഫ്രാസ്ട്രക്ച്ചറിന്റെ വികസനം തുല്യവും പൊതു സ്വഭാ വമുള്ളതുമായിരിക്കും. വൈദ്യുതി, ജലസേചനം തുടങ്ങിയവയുടെ സുതാര്യമായ വിതരണത്തെക്കുറിച്ചും ഭരണഘടനയിലുണ്ട്.

വിദേശനയം: നഷ്ടപ്പെട്ട ഭൂപ്രദേശങ്ങൾ വീണ്ടെടുക്കുകയോ നിയന്ത്രണരേ ഖ, അന്തർദേശീയ അതിർത്തിയായി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നതുവരെ രാഷ്ട്രം യുദ്ധം പ്രഖ്യാപിക്കണമെന്നായിരുന്നു പുരോഹിതിന്റെ നിർദേശം. ഇസ്‌ലാം– ക്രിസ്ത്യൻ ആക്രമണത്തിന് എതിരെ ബുദ്ധ–ഹിന്ദു രാഷ്ട്രങ്ങളുടെ സഖ്യം രൂപീക

രിക്കണം.

അംഗത്വം: 30 രൂപ ഫീസടച്ച് നേരിട്ടോ ഓൺലൈൻ വഴിയോ സംഘടനയിൽ അംഗത്വത്തിന് അപേക്ഷിക്കാം. സംഘടന അംഗങ്ങൾക്ക് പരിശീലനവും വർഷത്തിൽ പ്രമോഷനും നൽകും. ഓരോ മെമ്പർമാർക്കും തിരിച്ചറിയൽ കാർഡും ലഭിക്കും. അനൗദ്യോഗികമായി എല്ലാ ഹിന്ദുവും സംഘടനയിലെ അംഗങ്ങളാണ്.

ആയുധ പരിശീലനം: ഓരോ അംഗവും ആയുധങ്ങളെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ ആർജിക്കണം" (The Times of India 2009 Jan 23, www.timesofindia.indiatimes.com).

ദയാനന്ദ് പാണ്ഡെയുടെ ലാപ്ടോപ്പിൽനിന്ന് ലഭിച്ച മാലേഗാവ് സ്ഫോടന ഗൂഢാലോചനയുടെ വിശദാംശങ്ങളിൽ ലഫ്റ്റനന്റ് കേണൽ പ്രസാദ് പുരോഹിത് ഹിന്ദു രാഷ്ട്ര സ്ഥാപനത്തിനു വേണ്ടി വിദേശ രാഷ്ട്രങ്ങളുടെ സഹായം തേടാൻ നിർദേശിച്ചതായി പറയുന്നുണ്ട്.

ഉപാധ്യായയും പ്രസാദ് പുരോഹിതും തമ്മിലുള്ള ഫോൺ സംഭാഷണവും ഗൂഢാലോചനക്ക് തെളിവായി പോലീസ് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്" (Malegaon conspirators plan was to push for Hindu Rashtra- The Times of India, 2009 Jan 23).

"ബോംബ് സ്ഥാപിക്കാൻ ആളുകളെ ഏർപ്പാട് ചെയ്തത് പ്രജ്ഞാ സിംഗ് ഠാക്കൂറാണ്. 2008 ഏപ്രിൽ 11ന് പ്രജ്ഞാ സിംഗും കേണൽ പുരോഹിതും ഭോപ്പാലിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. സ്ഫോടനം നടത്താൻ ഇരുവരും തീരുമാനിച്ചത് അവിടെ വെച്ചാണ്" (www.zeenes.com/nation/20.01.2009, wikipedia Pragya Singh Thakur). "പൂനയിലെ തട്ടിപ്പുകാരനായ ആയുധക്കച്ചവടക്കാരൻ ധാവ്ഡേക്ക് സ്ഫോടന കേസിലെ പ്രതികളായ അഭിനവ് ഭാരതിന്റെ അജയ് റഹിൽകർ, റിട്ട. മേജർ രമേശ് ഉപാധ്യായ്, ലഫ്. കേണൽ പ്രസാദ് പുരോഹിത് എന്നിവരുമായി ബന്ധമുണ്ട്. എ.ടി.എസ് ഇയാളെ നാസിക്ക് കോടതിയിൽ ഹാജരാക്കി. 2006–ൽ പൂനെയിലെ സിംഹഗഢിൽ നടന്ന ബജ്റംഗ്ദളിന്റെ ആയുധ പരിശീലന ക്യാമ്പിനു പിന്നിലെ പ്രധാനിയാണത്രെ ധാവ്ഡെ. ബജ്റംഗ്ദളിന്റെയും അഭിനവ് ഭാരതിന്റെയും പതിനഞ്ച് പ്രവർത്തകർക്കാണ് ആയുധങ്ങളും സ്ഫോടക വസ്തുക്കളും ഉപയോഗിക്കാൻ ക്യാമ്പിൽ പരിശീലനം നൽകിയത്. മഹാരാഷ്ട്രയിലെ വിവിധ ടൗണുകളിൽനിന്ന് പൂനെയിലെ സിംഹഗഢ് ക്യാമ്പിലേക്ക് വാഹനങ്ങൾ ഏർപ്പാട് ചെയ്തത് ധാവ്ഡെയാണെന്നാണ് എ.ടി.എസ് കോടതിയിൽ പറഞ്ഞത്. 2006–ലെ നന്ദേഡിലെ സ്ഫോടനത്തിന് ബജ്റംഗ്ദൾ പ്രവർത്തകരായ ഹിമാൻസു പാൻണ്ഡെ, നരേഷ് രാജ് കോണ്ട്വാർ, രാഹുൽ പാണ്ഡെ എന്നിവർക്ക് സ്ഫോടക വസ്തുക്കൾ നൽകിയതും ധാവ്ഡെയാണെന്നാണ് കരുതുന്നത്. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ നാസിക് സി.ജെ.എം കോടതിയിൽ ധാവ്ഡെക്ക് എതിരായ തെളിവുകൾ ഹാജരാക്കുകയുണ്ടായി" (Malegaon blast accused Dhawde produced in court, Nov 11, 2008, ICT By INS- www.thaindian.com).

രാകേഷ് ധാവെഡയും മറ്റു ചില പ്രതികളും ചേർന്ന് മാലേഗാവ് സ്ഫോടനത്തിനു വേണ്ടി പത്ത് ലക്ഷം രൂപയാണത്രെ സ്വരൂപിച്ചത്. 20 ലക്ഷത്തിന്റെ ഹവാല ഇടപാട് ധാവ്ഡെ നടത്തിയതിനെക്കുറിച്ചും പോലീസ് അന്വേഷിക്കുന്നുണ്ട് (The Times of India, 2008 Nov 14). ആയുധങ്ങൾ വാങ്ങാനായി താൻ ധാവ്ഡേക്ക് 3.2 ലക്ഷം നൽകിയതായി പുരോഹിത് പറയുകയുണ്ടായി (Indian Express 2008 Nov 24).

അജയ് റഹിർക്കർ പുരോഹിതിന് വലിയൊരു സംഖ്യ നൽകുകയുണ്ടായി. പുരോഹിതിന്റെ നേതൃത്വത്തിൽ വൻ തുകയുടെ ഹവാല ഇടപാട് നടന്നതായും സംശയമുണ്ട് (Pudhari, Pune 2008 Nov 16). സ്ഫോടനത്തിനു വേണ്ടിയുള്ള ഫണ്ട് എങ്ങനെ വന്നു എന്ന് അറിയാൻ ഗുജറാത്തിലെ നിരവധി ബാങ്ക് അക്കൗണ്ടുകൾ എ.ടി.എസ് പരിശോധിച്ചിട്ടുണ്ട്. ഗുജറാത്തിൽനിന്നാണ് സ്ഫോടനത്തിന് ഫണ്ട് ലഭിച്ചതെന്ന് എ.ടി.എസ് സംശയിക്കുന്നതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു (Pune Mirror, 2008 Nov 18). പൂനയിലെ വൻ വ്യവസായികളിൽനിന്നും ഫണ്ട് സ്വരൂപിച്ചിട്ടുണ്ടെന്ന് എ.ടി.എസിന് വിവരം ലഭിച്ചു (Hindustan Times Mumbai 2008 Nov 26).

പൂർണയിലെ മസ്ജിദിലുണ്ടായ സ്ഫോടന കേസ് അന്വേഷണത്തിനിടെ മസ്ജിദിലെ സ്ഫോടനം ഒരു ഉദാഹരണം മാത്രാണെന്നും ഇതിന് പിന്നിൽ വലിയ ഗൂഢാലോചനയുണ്ടെന്നും ധാവ്ഡേ വെളിപ്പെടുത്തി (New Faces of an old terror camp- Teesta Setalvad, Tehelka Magazine, Vol 6, Issu 32, 2009 August 15).

പ്രജ്ഞാ സിംഗ്, കേണൽ പുരോഹത്, റിട്ട. മേജർ രമേശ് ഉപാധ്യായ്, രാംജി കൽസംഗാര, സമീർ കുൽക്കർണി എന്നിവർ 165 ഏക്കർ വിസ്തൃതിയുള്ള ഭോൺസാല മിലിട്ടറി സ്കൂളിൽ സ്ഫോടനത്തിന് രണ്ടാഴ്ച മുമ്പ് യോഗം ചേരുകയുണ്ടായി. എസ്.എസ് റയ്കാർ ഏതാനും മാസങ്ങളായി അവിടെയാണ് ജോലി ചെയ്യുന്നത്. അദ്ദേഹം തന്നെയാണ് യോഗത്തിന്റെ കാര്യം സമ്മതിച്ചത് (The Indian Express 2008 Nov 13). എന്നാൽ ആ ഒരു യോഗംകൊണ്ടു മാത്രം സ്ഫോടനം ആസൂത്രണം ചെയ്യാനാകില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. “ഒരു ഉപജാപക സംഘത്തിന് ഒരു ദിവസം കൊണ്ടൊന്നും ഇതുപോലൊരു പദ്ധതി ആസൂത്രണം ചെയ്യാനാവില്ല. ഇന്ത്യൻ ആർമിയിൽ ഞങ്ങൾ ഒരു പദ്ധതി ആസൂത്രണം ചെയ്യാൻ നിരവധി ദിവസങ്ങൾ എടുക്കാറുണ്ട്. എന്നാലും അബദ്ധങ്ങൾ സംഭവിക്കും. എങ്കിൽ ഇതുപോലെ സൂക്ഷ്മമായ ഒരു സ്ഫോടനം നടത്താൻ ആറോ ഏഴോ ആളുകൾ ശ്രമിച്ചാൽ സാധിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ?” (You can't plan an operation like Malegaon blast in a day- Shailesh Raikar, www.rediff.com 2008 Nov 13). ഭോൺസാല മിലിട്ടറി സ്കൂളിൽ സ്ഫോടന കേസ് പ്രതികൾ യോഗം ചേർന്നിരുന്നതിനാൽ, ബി.എം.എസ്സാണ് ഗൂഢാലോചനയുടെ കേന്ദ്രം എന്ന ആരോപണത്തെ നിഷേധിക്കാനാണ് റിട്ട. കേണൽ റെയ്ക്കാർ ഇങ്ങനെ പറഞ്ഞത്. പക്ഷേ, വലിയൊരു ഗൂഢാലോചന തന്നെ സ്ഫോടനത്തിന് പിന്നിലുണ്ടെന്നാണ് ഈ പ്രസ്താവന സൂചിപ്പിക്കുന്നത്.

അഭിനവ് ഭാരതിന്റെ അധ്യക്ഷ ഹിമാനി സവർക്കർക്ക് സ്ഫോടനവുമായി ബന്ധമുണ്ടായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ: “അഭിനവ് ഭാരതിന്റെ ദേശീയ പ്രസിഡന്റ് ഹിമാനി സവർക്കർക്ക് മാലേഗാവ് സ്ഫോടന ഗൂഢാലോചനയെക്കുറിച്ച് അറിവുണ്ടായിരുന്നുവെങ്കിലും അവർ മൗനം പാലിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. മഹാരാഷ്ട്ര എ.ടി.എസ്സിന്റെ പൂനെ യൂനിറ്റിന് നൽകിയ ഒരു സ്റ്റേറ്റ്മെന്റിൽ ഹിമാനി സവർക്കർ ഇത് സമ്മതിച്ചിട്ടുണ്ട്. 2008 ഏപ്രിലിൽ ഇൻഡോറിൽ പ്രജ്ഞാ സിംഗും ദയാനന്ദ് പാണ്ഡെയുമുൾപ്പെടെയുള്ള സ്ഫോടന കേസ് പ്രതികളുടെ ഒരു യോഗത്തിൽ ഹിമാനിയും പങ്കെടുത്തിരുന്നു. മുസ്‌ലിം പ്രദേശമായതിനാലാണ് സ്ഫോടനത്തിന് മാലേഗാവ് തെരഞ്ഞെടുത്തതെന്ന് പുരോഹിത് യോഗത്തിൽ പറയുകയുണ്ടായി. 2008 ജൂൺ–ജൂലൈ മാസങ്ങളിൽ ജബൽപൂരിൽ നടന്ന യോഗത്തിലും ഹിമാനി പങ്കെടുത്തിരുന്നു. സ്ഫോടന കേസിലെ പ്രതി സമീർ കുൽക്കർണി

യുമായുള്ള ബന്ധമാണ് ഹിമാനിയെ അഭിനവ് ഭാരതിന്റെ നേതൃത്വത്തിലെത്തിച്ചത്. അഭിനവ് ഭാരതിനും അതിന്റെ അംഗങ്ങൾക്കും സ്ഫോടനവുമായി ബന്ധമില്ലെന്നും ഹിമാനി പറഞ്ഞു. കുൽക്കർണിയെ ഒന്നര വർഷമായി തനിക്കറിയാമെന്നും അയാൾ ആർ.എസ്.എസ്സിന്റെ മുഴു സമയ പ്രവർത്തകനാണെന്നും ഹിമാനി സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുണ്ട്" (Abhinav Bharat Cheif knew about Malegaon conspiracy- 2009 Jan 22).

കർണാടകയിലെ തീവ്രവാദി പ്രമോദ് മുത്തലികിനും സ്ഫോടന ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് പോലീസ്. "ലഫ്റ്റനന്റ് കേണൽ പുരോഹിതും ധാവ്ഡേയുമാണ് രാംജി കൽസംഗാരക്കും സന്ദീപ് ഡാങ്കെക്കും പരിശീലനം നൽകിയത്. അവരാണ് ബോംബ് സ്ഥാപിച്ചതെന്നും കെ.പി രഘുവംശി പറഞ്ഞു. അവരിപ്പോൾ ഒളിവിലാണ്. ഒളിവിൽ കഴിയുന്ന മൂന്നാമൻ കർണാടക സ്വദേശി പ്രമോദ് മുത്തലികാണ്. ബോംബ് നിർമാതാക്കളോടൊപ്പം മുത്തലിക്കുമുണ്ടായിരുന്നുവെന്ന് രഘുവംശി പറഞ്ഞു" (Hindu Rashtra ideology was driving force for Malegaon conspirators- Rahi Gaikwad, The HIndu 21.01.2009. www.thehindu.com/2009/01/21/stories).

2008–ലെ മാലേഗാവ് സ്ഫോടനം മാത്രമല്ല ഇവർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന വെളിപ്പെടുത്തൽ, ഗൂഢാലോചനയുടെ വ്യാപ്തി വ്യക്തമാക്കുന്നുണ്ട്. "വിപുലമായ ഈ ഭീകര ശൃംഖലയാണ് മറ്റു സ്ഫോടനങ്ങൾക്ക് പിന്നിലെന്ന് ഈ കേസ് അന്വേഷണത്തിനിടെ മനസ്സിലാവുകയുണ്ടായി. ലഫ്റ്റനന്റ് കേണൽ ശ്രീകാന്ത് പുരോഹിതിനെ 2008 നവംബർ 9–ന് നാർക്കോ അനാലിസിസിന് വിധേയനാക്കിയപ്പോൾ, 2007 ഫെബ്രുവരിയിലെ സംഝോതാ എക്സ്പ്രസ് സ്ഫോടനത്തിലെ തന്റെ പങ്കിനെയും അതിനു പിന്നിൽ പ്രവർത്തിച്ച ശൃംഖലയെയും കുറിച്ച വിവരങ്ങൾ ലഭിച്ചു. 68 പേരാണ് സംഝോതാ എക്സ്പ്രസ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്. ഏറെയും പാകിസ്താനികൾ. ചോദ്യം ചെയ്യലിൽ, അജ്മീർ ദർഗ– മക്കാ മസ്ജിദ് സ്ഫോടനങ്ങളിലെ പങ്കിനെക്കുറിച്ചും പുരോഹിത് വെളിപ്പെടുത്തി. ഹരിയാനയിലെയും രാജസ്ഥാനിലെയും പോലീസ് ഈ രണ്ട് സ്ഫോടനങ്ങളെക്കുറിച്ചും പുനരന്വേഷണം നടത്തുന്നുണ്ട്" (New faces of an old terror camp-Teesta Setalvad, 2009 Aug. 15- Tehelka Vol 6, Issue 32).

ഈ വാർത്തകൾ സ്വാഭാവികമായും ഗൗരവുമുള്ള ചില സംശയങ്ങൾക്ക് നിമിത്തമാകുന്നു. അന്വേഷണ ഉദ്യോഗസ്ഥരുടെ ശ്രദ്ധ ആ വഴിക്ക് എത്രത്തോളം പോയിട്ടുണ്ടെന്ന് കുറ്റപത്രത്തിന്റെ മുഴുവൻ വിശദാംശങ്ങളും ലഭ്യമായാലേ പറയാൻ കഴിയൂ. എന്നാൽ ഒരു കാര്യം ഉറപ്പിക്കാം; മുഖ്യധാരാ മാധ്യമങ്ങളൊന്നും ഇവ്വിഷയകമായി അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ വഴിക്ക് മുന്നോട്ടുപോയിട്ടില്ല. സംശയങ്ങളിൽ ചിലത് മാത്രം സൂചിപ്പിക്കാം.

1. പ്രതിപട്ടികയിലുള്ള പതിനാല് പേർ മാത്രമാണോ സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്? ഗൂഢാലോചനയിലും ഫണ്ടിംഗിലും ഇവർക്ക് മാത്രമാണോ പങ്കുള്ളത്? ബി.ജെ.പിയുടെയും സംഘ്പരിവാറിന്റെയും നേതാക്കൾക്കും പ്രവർത്തകർക്കും സ്ഫോടനങ്ങളിൽ പങ്കില്ലേ? ചില വാർത്തകളിൽനിന്നാണ് ഇത്തരം സംശയങ്ങൾ ഉണ്ടാകുന്നത്.

"ഉത്തർപ്രദേശിൽനിന്നുള്ള ഒരു തലമുതിർന്ന നേതാവിനും ആക്രമണത്തിന് സാമ്പത്തിക സഹായം ചെയ്തതിൽ പങ്കുണ്ടാകാം. യു.പിയിലെ ഗോരക്പൂരിൽനിന്നുള്ള ബി.ജെ.പിയുടെ പാർലമെന്റ് അംഗം യോഗി ആദിത്യാനന്ദ, തന്നെ പ്രതിയാ

ക്കാനുള്ള മുംബൈ ഭീകരവിരുദ്ധ സംഘത്തിന്റെ ശ്രമത്തിനെതിരെ രംഗത്ത് വരികയുണ്ടായി. എ.ടി.എസ്സാകട്ടെ യു.പി ഗവൺമെന്റിന്റെ സഹായത്തോടെ 'പേര് പറയാത്ത' ആ നേതാവിനെ ചോദ്യം ചെയ്യാൻ അനുവാദം ആവശ്യപ്പെട്ട് മുംബൈ ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. യു.പി മുഖ്യമന്ത്രി മായാവതി ഉന്നത ഉദ്യോഗസ്ഥരുമായി ഇത് സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ആ നേതാവ് ആദിത്യാനന്ദയാകാം എന്നത് അനുമാനം മാത്രമാണ്. ഒരുപക്ഷേ അദ്ദേഹത്തിന്റെ അടുത്ത സഹായി, ബി.ജെ.പി എം.എൽ.എ ഡോ. രാധാ മോഹൻദാസും ആകാം അത്" (www.thestatesman.net, wikipedia, 2008 Sep 28- Western India bombings).

ഈ വാർത്തയെ തുടർന്ന്, അന്വേഷണം പൂർത്തിയായ ശേഷം മാത്രമേ മഹാരാഷ്ട്ര എ.ടി.എസ് സ്ഫോടന കേസിനെക്കുറിച്ച് പരസ്യ പ്രസ്താവന നടത്താവൂ എന്ന് പറഞ്ഞ് ബി.ജെ.പിയുടെ അന്നത്തെ അധ്യക്ഷൻ വെങ്കയ്യ നായിഡു രംഗത്ത് വന്നത് എന്തിനായിരുന്നു? (Naidu asks ATS to speak about Malegaon blasts after probe ends- The Hindu 2008 Nov 18, www.hindu.com). എല്ലാ സ്ഫോടന–തീവ്രവാദ കേസുകളിലും അന്വേഷണ സംഘം ഇങ്ങനെത്തന്നെയാണ് ചെയ്യേണ്ടതെന്ന് വെങ്കയ്യ നായിഡുവും ബി.ജെ.പിയും പറയുമോ? 'എ.ടി.എസ് രാഷ്ട്രീയം കളിക്കുകയാണെന്ന്' പറഞ്ഞ് അതേ ദിവസം എൽ.കെ അദ്വാനി രംഗത്തെത്തിയതിന്റെ കാരണമെന്ത്? (Hindustan Times 2008 Nov 18, www.hindustantimes.com). എ.ടി.എസ്സിൽനിന്ന് അന്വേഷണം മഹാരാഷ്ട്ര സി.ഐ.ഡിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ശിവസേനാ പ്രവർത്തകൻ മുംബൈ ഹൈക്കോടതിയിൽ പി.ഐ.എൽ ഫയൽ ചെയ്തത് എന്തിനായിരുന്നു? (www.expressindia.com/blastnews/388301).

എൻ.സി.പി നേതാവ് ശരത് പവാറിന്റെ ഇതു സംബന്ധിച്ച ഒരു പ്രസ്താവനയിൽ ഈ ചോദ്യങ്ങൾക്ക് മറുപടിയുണ്ടോ? സ്ഫോടന കേസുമായി ബന്ധപ്പെട്ട് ശരത് പവാർ പറഞ്ഞതിങ്ങനെ: "പോലീസ് അന്വേഷണം ആരംഭിച്ചുകഴിഞ്ഞു. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടി ഇതിനോട് എതിർപ്പ് പ്രകടപ്പിക്കുന്നത് ദേശസ്നേഹമില്ലാത്തതുകൊണ്ടാണ്. അന്വേഷണത്തിൽ എന്തിനാണിവർ കൈകടത്തുന്നത്?" (www.hindu.com).

എ.ടി.എസ് സംശയിച്ച ആ രാഷ്ട്രീയ നേതാവ് ആരായിരുന്നു? അദ്ദേഹത്തിന് സ്ഫോടനകേസിൽ പങ്കുണ്ടായിരുന്നോ? ആ നേതാവിനെതിരായ അന്വേഷണം അട്ടിമറിക്കപ്പെട്ടുവോ?

2. ഏതൊക്കെ സംഘ്പരിവാർ സ്ഥാപനങ്ങളും സംഘടനകളുമാണ് സ്ഫോടനങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത്? അഭിനവ് ഭാരത്, സനാതൻ സൻസ്ത തുടങ്ങിയവക്കു പുറമെ, ആർ.എസ്.എസ്, ബജ്റംഗ്ദൾ തുടങ്ങിയ സംഘടനകൾക്ക് സ്ഫോടന ഗൂഢാലോചനയിൽ പങ്കുണ്ടോ? സൈനിക സ്കൂളുകളും ആത്മീയ കേന്ദ്രങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്നവയും ഗൂഢാലോചനക്ക് വേദിയായതായി റിപ്പോർട്ടുകളുണ്ട്. ടീസ്റ്റ സെറ്റൽവാദ് പറയുന്നു: "മഹാരാഷ്ട്രയിലെ ആർ.എസ്.എസ്സിൽ അഫിലിയേറ്റ് ചെയ്ത നാസിക്കിലെയും നാഗ്പൂരിലെയും ഭോൺസാല സൈനിക സ്കൂളുകളെ എ.ടി.എസ് അന്വേഷണത്തിൽനിന്ന് ഒഴിച്ചുനിർത്തി. പ്രസ്തുത സ്ഥാപനങ്ങളിൽ സ്ഥിരമായി, ഭീകരപ്രവർത്തനങ്ങൾക്കും ബോംബ് നിർമാണത്തിനും പരിശീലനം നൽകുന്നതായി മനസ്സിലായിട്ടുണ്ട്. സംഘ്പരിവാറിന്റെ ഉന്നത അധികാര കേന്ദ്രങ്ങൾക്കാണ് ഈ സ്ഥാപനങ്ങളുടെ രക്ഷാകർതൃത്വം. ഈ സ്ഥലങ്ങൾ മുമ്പും

ബോംബ് നിർമാണത്തിന് പരിശീലനം നൽകാൻ ഉപയോഗിച്ചിട്ടുണ്ട്. എ.ടി.എസ് ഫയൽ ചെയ്ത കുറ്റപത്രത്തിൽ പറയുന്ന 2006-ലെ നന്ദേഡ് സ്ഫോടനം ഉദാഹരണം. അന്വേഷണത്തിൽ പരിഗണിക്കാതിരുന്ന ചില വശങ്ങൾ പ്രവീൺ തൊഗാഡിയ, ആചാര്യ ഗിരിരാജ് കിഷോർ തുടങ്ങിയ വി.എച്ച്.പിയുടെ മുതിർന്ന നേതാക്കളെ രക്ഷപ്പെടുത്തുകയാണുണ്ടായത്. 2006-ലെ നന്ദേഡ് സ്ഫോടനം നടന്ന ദിവസം വൈകുന്നേരം ഇരുവരും നന്ദേഡ് സന്ദർശിച്ചിരുന്നു" (New faces of an old terror camp-Teesta Setalvad, 2009 Aug. 15, Tehelka Magazine, Vol 6, issue 32).

സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചുവെന്ന് പ്രമുഖ മാധ്യമ പ്രവർത്തകരും ഭീകരവിരുദ്ധ പോരാളികളും ചൂണ്ടിക്കാണിക്കുന്ന സൈനിക സ്കൂളുകൾക്കും ആത്മീയമെന്ന് പറയപ്പെടുന്ന കേന്ദ്രങ്ങൾക്കുമെതിരെ വിശദമായ അന്വേഷണം നടക്കാതിരുന്നത് എന്തുകൊണ്ട്? ഭീകരതക്കു പിന്നിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണമെന്ത്? മുഖ്യധാരാ മാധ്യമങ്ങൾ ഇതൊന്നും എന്തുകൊണ്ടാണ് മറ്റു തീവ്രവാദ കേസുകളിലെ പോലെ പ്രാധാന്യത്തോടെയോ, പൈങ്കിളി സ്വഭാവത്തിലോ കൈകാര്യം ചെയ്യാത്തത്?

## അന്വേഷണത്തിന്റെ രണ്ടാം ഘട്ടം

മാലേഗാവ് സ്ഫോടന കേസ് അന്വേഷിച്ചിരുന്ന ധീരനായ പോലീസ് ഓഫീസർ ഹേമന്ദ് കർക്കരെ മുംബൈ ഭീകരാക്രമണത്തിൽ ദുരൂഹമായി വധിക്കപ്പെട്ട ശേഷം, അന്വേഷണച്ചുമതല വീണ്ടും കെ.പി രഘുവംശിക്കാണ് ലഭിച്ചത്. എന്തിനാണ് കർക്കരെ കൊല്ലപ്പെട്ട ഉടൻ ധൃതിപിടിച്ച് രഘുവംശിയെ തന്നെ അന്വേഷണ ചുമതലയേൽപിക്കാൻ ഗവൺമെന്റ് തയാറായത്? 'ഉടൻ നിയമനം' നടന്നില്ലെങ്കിൽ ഭരണഘടനാ പ്രതിസന്ധിയുണ്ടാകുന്ന ഒരു ഭരണഘടനാ സ്ഥാനം (Constitutional post) ആണോ അത്? സ്ഫോടന കേസിലെ പ്രതികളും രഘുവംശിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുയർന്ന റിപ്പോർട്ടുകളെപ്പറ്റി എന്തുകൊണ്ടാണ് ഗവൺമെന്റ് അന്വേഷിക്കാതിരുന്നത്?

"മാലേഗാവ് സ്ഫോടനകേസിലെ പ്രതികളിൽ ചിലരുമായി, കർക്കരെയുടെ മരണശേഷം കേസന്വേഷണം ഏൽപിക്കപ്പെട്ട കെ.പി രഘുവംശിക്ക് ബന്ധമുണ്ടെന്ന് റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കുന്നു. 2005-ൽ, കെ.പി രഘുവംശി എ.ടി.എസ്സിന്റെ ചീഫായിരുന്ന സമയത്ത് ലഫ്റ്റനന്റ് കേണൽ പ്രസാദ് പുരോഹിതും ഭോൺസാല മിലിട്ടറി സ്കൂൾ അഡ്മിനിസ്ട്രേറ്റർ ശൈലേഷ് റെയ്കാറും (മാലേഗാവ് സ്ഫോടനത്തിലെ പ്രതികൾ) എ.ടി.എസ് സംഘടിപ്പിച്ച ഒരു സെമിനാറിലേക്ക് മുഖ്യാതിഥികളായി ക്ഷണിക്കപ്പെടുകയുണ്ടായി. 'How to gather intelligence on radical groups' എന്നതായിരുന്ന വിഷയം. പുരോഹിതും റെയ്കാറും അപ്പോൾ മിലിട്ടറിൽ ഇന്റലിജൻസിലായിരുന്നു നിയമിക്കപ്പെട്ടിരുന്നത്" (DNA, Mumbai- online news 2008 Nov 12, The Indian Express, 12 Nov. 2008). "ഞങ്ങളുടെ ഓഫീസർമാർക്ക് വേണ്ടി നിങ്ങൾ നൽകിയ പരിശീലന ക്ലാസിന് എനിക്ക് ഏറെ നന്ദിയുണ്ട്. എന്റെ ഓഫീസേഴ്സിന് ഇത് വളരെയേറെ ഫലം ചെയ്യും. താങ്കളും മേജർ പുരോഹിതും പോലുള്ള സൈനിക ഓഫീസർമാരിൽനിന്ന് അറിവും അനുഭവവും ഭാവിയിലും അവർക്ക് ലഭിക്കണം"- എ.ടി.എസ്സിന്റെ സ്പെഷ്യൽ ഐ.ജി.പി ആയിരിക്കെ, 2006 സെപ്റ്റംബർ 5-ന് കെ.പി രഘുവംശി എഴുതിയതാണ് ഈ വരികൾ. സതേൺ കമാന്റിന്റെ ലഫ്റ്റനന്റ് കേണലായിരുന്ന റെയ്കാറിനാണ്, രഘുവംശി ഈ നന്ദിക്കത്ത് അയച്ചത്; അതിന്റെ ഒരു കോപ്പി പുരോഹിതിനും നൽകുകയുണ്ടായി. അവർ രണ്ടു പേരും അപ്പോൾ മിലി

ട്ടറി ഇന്റലിജൻസിലായിരുന്നു (Sakal. Times, Pune 2008 Nov 26). ഇപ്പോൾ മാലേഗാവ് കേസ് അന്വേഷിക്കുന്ന കെ.പി രഘുവംശി അന്ന് നന്ദിക്കത്ത് അയച്ചത് പിന്നീട് മാലേഗാവ് ഭീകരാക്രമണത്തിൽ പിടിക്കപ്പെട്ട പ്രതികൾക്ക്!

2006 മെയിൽ ഔറംഗാബാദിൽനിന്ന് വൻ ആയുധ ശേഖരം പിടികൂടിയ ശേഷം, എ.ടി.എസ് അതു സംബന്ധിച്ച വിവരങ്ങൾ മിലിട്ടറി ഇന്റലിജൻസുമായി പങ്കുവെക്കുകയുണ്ടായി. കഴിഞ്ഞ നാലു വർഷമായി ആയുധ കേസുകളിൽ എ.ടി.എസ്സിനെ സഹായിക്കുന്ന ആർമി സംഘത്തിൽ പുരോഹിതും അംഗമാണ്! നാസിക്-ഔറംഗാബാദ് ഹൈവേയിൽനിന്ന് ഒരിക്കൽ 43 കിലോ ആർ.ഡി.എക്സ്, 16 എ.കെ 47 തോക്കുകൾ, 3200 റൗണ്ട് വെടിവെക്കാനാവശ്യമായ തിരകൾ തുടങ്ങിയവ എ.ടി.എസ് പിടികൂടുകയുണ്ടായി (DNA, Mumbai, Onlin news 2008 Nov 12). 2006ലെ മാലേഗാവ് സ്ഫോടന കേസിൽ, തെളിവില്ലെന്ന് സി.ബി.ഐ റിപ്പോർട്ട് നൽകിയ ഒമ്പത് പ്രതികളെ, എ.ടി.എസ് അറസ്റ്റ് ചെയ്തത് കെ.പി രഘുവംശി ചീഫായിരിക്കെയാണ്. രണ്ടാം മാലേഗാവ് സ്ഫോടന കേസിലെ പ്രതിയായ പുരോഹിതുമായി അടുപ്പമുണ്ടെന്ന് വാർത്തകൾ സൂചിപ്പിക്കുന്ന രംഘുവംശി തന്നെയാണ് കേസിന്റെ രണ്ടാംഘട്ട അന്വേഷണത്തിന് നിയോഗിക്കപ്പെട്ടത്! അതുകൊണ്ടുതന്നെ കർക്കരെക്ക് ശേഷം രഘുവംശിയുടെ നേതൃത്വത്തിൽ നടക്കുന്ന, സ്ഫോടന കേസിന്റെ തുടരന്വേഷണത്തെയും കേസിന്റെ ഗതിയെയും കുറിച്ച് പലരും ആശങ്ക രേഖപ്പെടുത്തുകയുണ്ടായി. ഈ ആശങ്കയിൽ ന്യായമുണ്ടെന്ന്തോന്നുംവിധത്തിൽ, പല പഴുതുകളുമുള്ള 4528 പേജുള്ള കുറ്റപത്രമാണ് 2009 ജനുവരി 20ന് കെ.പി രഘുവംശിയുടെ നേതൃത്വത്തിൽ എ.ടി.എസ് പതിനാല് പേർക്കെതിരെ 'മോക്ക' നിയമമനുസരിച്ച് നാസിക്കിലെ മോക്ക കോടതിയിൽ സമർപ്പിച്ചത്. ഐ.പി.സി 302, 307, 326, 324, 427, 153 എ, 153 എ (എ.ബി) 120 ബി, ആയുധ നിയമം (Arms Act) 3,4,5,25, സ്ഫോടക വസ്തു നിരോധനിയമം (Explosive Substance Act) 3,4,5,6, 'നിയമവിരുദ്ധപ്രവർത്തന നിരോധന നിയമം 2004' (Unlawful Activities Prevention Amendment Act 2004)ലെ 15,16,17,18,20,23, മോക്ക (MCOCA)യിലെ 3(1)(i), 3(1) (ii), 3(2), 3 (5) തുടങ്ങിയ വകുപ്പുകളാണ് കുറ്റപത്രത്തിൽ പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത്. പ്രതികൾക്കെതിരെ 'മോക' പ്രയോഗിക്കണമെന്നാണ് എ.ടി.എസ് ആവശ്യപ്പെട്ടത്. അതിന് കുറ്റപത്രത്തിൽ പറഞ്ഞ കാരണങ്ങളിൽ പ്രധാനപ്പെട്ടവ: 1. രാകേഷ് ധാവ്ഡെയുടെ സംഘടിത ക്രിമിനൽ സംഘം 2003 മുതൽ ബോംബ് സ്ഫോടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. 2. മറ്റു പ്രതികൾ, ഈ സംഘടിത ക്രമിനൽ സംഘത്തോട് ചേർന്ന് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്നു. 3. ബോംബ് നിർമിക്കാനാവശ്യമായ വസ്തുക്കൾ ശേഖരിക്കുകയും കടത്തിക്കൊണ്ട് പോവുകയും ചെയ്തു. 4. വമ്പിച്ച പണവും ആയുധങ്ങളും വെടിമരുന്നും നിയമവിരുദ്ധ പ്രവർത്തനത്തിന് വേണ്ടി അവർ കൈമാറ്റം ചെയ്തിട്ടുണ്ട്. 5. പ്രത്യേക ഹിന്ദു രാഷ്ട്രം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിന് വേണ്ടി ഇവർ ഒരുമിച്ച് തങ്ങളുടെ മതമൗലികവാദ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എ.ടി.എസ്സിന്റെ കുറ്റപത്രത്തിൽ പറയുന്നതനുസരിച്ച്, മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും മുസ്‌ലിംകൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിലും സ്ഫോടനങ്ങൾ നടത്തിയത് മുസ്‌ലിംകളോടുള്ള പ്രതികാരം തീർക്കാനും അവർക്ക് തിരിച്ചടി നൽകാനുമായിരുന്നു.

ഇന്ത്യയുടെ ജനാധിപത്യ-മതേതര രാഷ്ട്രഘടനയെയും ഭരണഘടനയെയും അട്ടിമറിച്ച് മതപരമായ രാജ്യഭരണം സ്ഥാപിക്കാനാണ് സ്വാമി ദയാനന്ദ് പാണ്ഡെ

ഉൾപ്പെടുന്ന പ്രതികൾ ലക്ഷ്യമിട്ടതെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ എ.ടി.എസ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു. സ്വാഭാവികമായും രാജ്യദ്രോഹകുറ്റത്തിനുള്ള വകുപ്പുകളാണ് അഭിനവ് ഭാരതിന്റെ തീവ്രവാദികൾക്കെതിരെ ചുമത്തേണ്ടിയിരുന്നത്. പക്ഷേ, ഇന്ത്യൻ പീനൽ കോഡിലെ (ഐ.പി.സി) പ്രധാനപ്പെട്ട ചില വകുപ്പുകൾ പ്രതികളുടെ മേൽ ചുമത്തിയിട്ടില്ല.

രാജ്യദ്രോഹകുറ്റങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വകുപ്പുകളാണ് ഐ.പി.സി 121, 121എ, 122, 123, 124എ തുടങ്ങിയവ. ഈ വകുപ്പുകൾ ഒഴിവാക്കപ്പെട്ടത് എന്തുകൊണ്ടാണ്?

മാലേഗാവ് സ്ഫോടനവുമായി ബന്ധപ്പെട്ട, ഗൗരവമുള്ള മറ്റു ചില വിഷയങ്ങൾ കുറ്റപത്രത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അഭിനവ് ഭാരത്, ഭോൺസാല മിലിട്ടറി സ്കൂൾ, പൂനയിലെ അകൻഷാ റിസോർട്ട് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഉദാഹരണം. അഭിനവ് ഭാരതിന്റെ ദേശീയ പ്രസിഡന്റ് ഹിമാനി സവർക്കർ, വി.എച്ച്.പി നേതാവ് സ്വാമി അശിമാനന്ദ, വി.എച്ച്.പി പ്രസിഡന്റ് പ്രവീൺ തൊഗാഡിയ, വി.എച്ച്.പിയുടെ ഗുജറാത്തിലെയും ദൽഹിയിലെയും നേതാക്കൾ, മിഥുൻ ചക്രവർത്തി, ഡോ. ശരത് കുന്ദേ, പ്രഫ. ഡിയോ, ശ്യാംറാവു ആപ്തെ, പൂനയിലെ രണ്ട് ചരിത്രകാരന്മാർ തുടങ്ങി സ്ഫോടന കേസിലെ പ്രതികളുമായും അവരുടെ സംഘടനയുമായും ബന്ധമുള്ള പലരും ഒഴിവാക്കപ്പെട്ടിരിക്കുന്നു. സ്ഫോടനങ്ങൾക്ക് പിന്നിലെ ഭീകരവാദികളുടെ വൻ ശൃംഖലയെക്കുറിച്ച വിശദാംശങ്ങളും അവഗണിക്കപ്പെട്ടു.

കോടതിയിൽ ഈ കേസിന് എന്തു സംഭവിച്ചു? മോക്ക പ്രകാരം ചുമത്തിയ കുറ്റങ്ങളിൽനിന്ന് സ്ഫോടന കേസ് പ്രതികളെ മുംബൈയിലെ പ്രത്യേക 'മോക്ക' കോടതി ഒഴിവാക്കി. "മാലേഗാവ് സ്ഫോടന കേസിൽ മഹാരാഷ്ട്ര പോലീസിലെ ഭീകരവിരുദ്ധ സ്കോഡിന് വെള്ളിയാഴ്ച (2009 ജൂലൈ 31) ഒരു വലിയ തിരിച്ചടിയുണ്ടായി. ലഫ്റ്റനന്റ് കേണൽ ശ്രീകാന്ത് പുരോഹിതും സാധ്വി പ്രജ്ഞാ സിംഗും ഉൾപ്പെടെയുള്ള പതിനൊന്ന് പ്രതികൾക്കെതിരെ, 'മോക്ക' പ്രകാരം ചുമത്തിയ കുറ്റങ്ങൾ മുംബൈയിലെ പ്രത്യേക 'മോക്ക' കോടതി പിൻവലിച്ചു. ഏക നേതൃത്വത്തിലുള്ള ക്രിമിനൽ സംഘത്തിൽ അംഗങ്ങളാണ് പ്രതികളെന്ന് സ്ഥാപിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതുകൊണ്ടാണിത്" (The Times of India, Pune, 2009 Aug. 1).

ഇപ്പോൾ മാലേഗാവിലെ രണ്ടാം സ്ഫോടന കേസ് നാസിക്ക് കോടതിയിലാണ് നടക്കുന്നത്. നാളെ കേസിന് എന്തു സംഭവിക്കുമെന്ന് നമുക്കറിയില്ല.

പക്ഷേ, അമ്പരപ്പിക്കുന്ന മറ്റൊരു കാര്യമുണ്ട്. 2008-ലെ മാലേഗാവ് സ്ഫോടന കേസിലെ പ്രതികൾ പിടിക്കപ്പെടുകയും മാധ്യമങ്ങളിൽ അതു സംബന്ധിച്ച വാർത്തകൾ വരികയും ചെയ്തുകൊണ്ടിരിക്കെ, 2009 ഒക്ടോബറിൽ ആ ശൃംഖലയിലെ ഒരു 'ആത്മീയ' സംഘം ഗോവയിൽ സ്ഫോടനം നടത്തി. ■

അതേക്കുറിച്ച് അടുത്ത ലക്കത്തിൽ

sadarvzkd@yahoo.co.in